ശ്രീ. പി. പി. എസ് തോമസ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ രണ്ട് ആളുകളുടെ കേസ് മാത്രമാണ് ഇവിടെ വന്നിട്ടുള്ളതെന്ന് പറഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളെന്നു പറയുന്നത് ഗവൺമെന്റിന്റെ സ്ഥാപനങ്ങൾ തന്നെ ആണ്, അവിടെനിന്നും ഇതുപോലെ നടപടികൾ എടുത്ത് പുറത്താക്കിയിട്ടുള്ള ആളുകൾ ഉണ്ട്. അവർക്കുംകൂടി ബാധകമാക്കുന്നതിന് ഈ ഓർഡർ മോഡിഫൈ ചെയ്യാനും അവർക്കുംകൂടി പ്രയോജനം ലഭിക്കാനും ഉള്ള ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട കുര്യന്റെ ചോദ്യം തന്നെ ആവർത്തിക്കുകയാണ്. അതിനെപ്പറ്റി നേരത്തേ പറഞ്ഞു. അവരെ പുറത്താക്കിയോ മറ്റുനടപടികൾ എടുത്തോ എന്നുള്ളതല്ല ഇതിൽ പെട്ട കാര്യമല്ല. ഈ ഓർഡറിൽ പറഞ്ഞിരിക്കുന്നത് മിസ ഡെറിനൃൂസ് ആയിട്ടുള്ളവരുടെ കാര്യമാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ജോലിയിൽനിന്നും പുറത്താക്കപ്പെട്ടിട്ട് സർവ്വീസ്സിൽ തിരിച്ചെടുത്തിട്ടും ശമ്പളം കിട്ടാതിരിക്കുന്ന ഉദ്യോഗസ്ഥൻമാർ ഉണ്ട്. അവർക്ക് ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റിയാണ് ഉത്തരം പറഞ്ഞത്.

പാസ്പോർട്ടുകൾ

*642 [699] ശ്രീ. ടി. എം. ജേക്കബ്: താഴെ ക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പാസ്പോർട്ട് ഓഫീസുകളിൽനിന്ന് ഇതുവരെ എത്ര പാസ്പോർട്ടുകൾ കൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): 28-2-79 വരെ എറണാകുളത്തുള്ള ആഫീസിൽനിന്ന് 6,33,161 -ഉം കോഴിക്കോട്ടുള്ള ഓഫീസിൽനിന്ന് 49338-ഉം പാസ്പോർട്ടുകൾ കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: പാസ്പോർട്ടുകൾ കിട്ടാനുള്ള സൗകര്യത്തെ പരിഗണിച്ചാണ് എം. എൽ. എ. മാർക്ക് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് കൊടുത്തത്. എന്നിട്ടും ഇപ്പോഴും വളരെ യേറെ കാലതാമസം പാസ്പോർട്ട് ഓഫീസിൽ ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, അങ്ങനെയുള്ള പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? അത് എളുപ്പത്തിൽ കിട്ടാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എന്റെ മുൻപിലുള്ള വസ്തുതകൾ കാണിക്കുന്നത് പാസ്പോർട്ട് ഓഫീസുകൾ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു തന്നെയാണ്. ലക്ഷക്കണക്കിന് അപേക്ഷകൾ ഉണ്ട്. എന്നാൽ 6,33,161 പാസ്പോർട്ടുകൾ കൊച്ചിൻ ഓഫീസിൽനിന്നും 28-2-79-വരെ യുള്ള കാലഘട്ടത്തിൽ കൊടുത്തിട്ടുണ്ട്. 32 കേസ്സുകളാണ് നിഷേധിച്ചത്. 80 കേസുകൾ ഇൻവെസ്റ്റിഗേറ്റ് ചെയ്തു. ഇപ്പോൾ ബാക്കിയുള്ള അപേക്ഷകൾ 80000 ആണ്. രണ്ടു സ്ഥലത്തും കൂടിയുള്ളതാണ്. ഇതിന് 5 ആഴ്ചയോ പഴക്കമുള്ളൂ. ഇതിൽനിന്നു തന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: പാസ്പോർട്ട് എടുത്തുകൊണ്ട് വിദേശങ്ങളിൽ പോകുന്ന ആളുകൾക്ക് പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിൽ എത്തുന്ന മലയാളികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നുള്ള പരാതി ഉണ്ട്. വിദേശങ്ങളിൽ എത്തുന്ന മലയാളികളുടെ കാര്യത്തിൽ അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പാസ്പോർട്ടിൽനിന്നും ഗൾഫിലേക്ക് ചാടണമോ?

ശ്രീ. കെ. പി. രാമൻ: സ്ത്രീകൾ പാസ്പോർട്ടിന് അപേക്ഷിച്ചാൽ പാസ്പോർട്ട് ലഭിക്കുന്നതിന് ഗൾഫിൽനിന്നും അയച്ചുകൊടുക്കുന്ന ഡിക്ലറേഷൻ ഫോം ആവശ്യമാണെന്നു കേൾക്കുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ ഹജ്ജിന് പോകാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ഇതുമൂലം വളരെ അധികം വിഷമതകൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഇതൊഴിവാക്കാൻ നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റി ഇപ്പോൾ എന്റെ കൈയിൽ വിവരമില്ല, അന്വേഷിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: പാസ്പോർട്ട് കിട്ടുന്നതിന് ഇപ്പോൾ വലിയ താമസമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ പാസ്പോർട്ട് ഓഫീസിൽനിന്നും എൻ. ഒ. സി. കിട്ടാൻ വളരെയെറെ താമസം ഉണ്ടാകുന്നുണ്ട്. കഴിയുന്നതും വേഗം ഈ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ നടപടി എടുക്കുമോ?

മി. സ്പീക്കർ: പാസ്പോർട്ട് കൊടുക്കുന്നതിനെപ്പറ്റിയാണ് ചോദ്യം.

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ വസ്തുതയിൽ ഞാൻ കുറെക്കൂടി അഭ്യർത്ഥന പ്രകടിപ്പിക്കുകയാണ്. പാസ്പോർട്ട് ഓഫീസിൽനിന്നും എൻ. ഒ. സി. കൊടുക്കുന്നുണ്ടോയെന്ന് അറിഞ്ഞുകൂടാ.

ശ്രീ. സേവ്യർ അറയ്ക്കൽ: അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ച് അങ്ങനെ ഉണ്ടെന്നു കാണുകയാണെങ്കിൽ അത് കഴിയുന്നതും വേഗം കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനെപ്പറ്റി അന്വേഷിക്കാം.

പ്ലാനിംഗ് കമ്മീഷൻ അസംതൃപ്തി പ്രകടിപ്പിച്ച പദ്ധതികൾ

* 643 [700] ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, ഇ. നാരായണൻ നായർ:
,, ടി. എച്ച്. മുസ്തഫ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, എം. വി. രാജൻ:
,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതിയെക്കുറിച്ച് പ്ലാനിംഗ് കമ്മീഷൻ അസംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly